LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) കെ.എൽ.ജി.എസ്.ഡി.പി.-യുടെ പെർഫാർമൻസ് ഗ്രാന്റ് 2013-14 മുതൽ നൽകുന്നത് വാർഷിക പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത വിലയിരുത്തൽ നടത്തുന്നതിനായി ഒരു ചോദ്യാവലി ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള വിവരശേഖരം പ്രവർത്തനവിലയിരുത്തലിന് വേണ്ടിയുള്ള സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി അർഹരായ ഗ്രാമപഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. വിലയിരുത്തലിൽ പരാതിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ട് തലത്തിലുള്ള അപ്പീലിനും സൗകര്യമുണ്ട്.

(ബി) 2013-14-ൽ 898 ഗ്രാമപഞ്ചായത്തുകൾ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടുകയുണ്ടായി.

(സി) വിശദവിവരം അനുബന്ധം - 1 ആയി ചേർക്കുന്നു.*

(ഡി) വിശദവിവരം അനുബന്ധം - 2 ആയി ചേർക്കുന്നു.*

(ഇ) വിശദവിവരം അനുബന്ധം - 3 ആയി ചേർക്കുന്നു. * അനുബന്ധം 3 -ൽ നോട്ട് ക്ലിയേർഡ് ആയി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ.

**ഗ്രാമപഞ്ചായത്തുകളിൽ മാലിന്യസംസ്കരണം**

291 (3578) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ മാലിന്യസംസ്കരണം നടത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഇതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ആധുനിക മാലിന്യസംസ്കരണ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എന്തെല്ലാം സാങ്കേതിക സംവിധാനങ്ങളാണ് ഇതിനായി ഉപയോഗിക്കാൻ ആലോചിക്കുന്നതെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ചട്ടപ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്കരണം എന്നിവ അതാത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഇതിലേക്കായി ഗ്രാമ പഞ്ചായത്ത് തലത്തിൽ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിനും നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും വേണ്ടി ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും അവയുടെ നിർവ്വഹണത്തിലേക്കായി പ്രോജക്ട് തുകയുടെ 75% പരമാവധി 35 ലക്ഷം രൂപ വരെ സർക്കാർ സാമ്പത്തിക സഹായമായി ശുചിത്വ മിഷൻ വഴി നൽകി വരുന്നു. കൂടാതെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റിൽ എത്തുന്ന മാലിന്യത്തിന്റെ അളവ് ഒരു പരിധി വരെ കുറയ്ക്കുന്നതിനും മാലിന്യം ഉല്പാദനതലത്തിൽ തന്നെ സംസ്കരിക്കുന്നതിനും ലക്ഷ്യമിട്ട് ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കുമായി തയ്യാറാക്കുന്ന പദ്ധതികൾക്ക് ശുചിത്വ മിഷനിൽ നിന്ന് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നു. ഇത്തരത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 75% സബ്സിഡിയും കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്ക് 90% സബ്സിഡിയും നൽകി ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിച്ചുവരുന്നു.

(ബി) ആധുനിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റിംഗ്, ബയോമെഥനൈസേഷൻ പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മാലിന്യം സംസ്കരിക്കുക എന്നതാണ് ഏറ്റവും നല്ലരീതി. ഈ രീതിയിലൂടെ പടിപടിയായി മാലിന്യസംസ്കരണം പരിസ്ഥിതി സൗഹാർദ്ദമായും ആരോഗ്യപരമായും നടത്തുവാൻ സാധിക്കും. തരംതിരിച്ചുള്ള സംഭരണവും ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കാനും നടപടി എടുത്തു വരുന്നു. അജൈവ മാലിന്യങ്ങൾ പൊതുമാലിന്യ സംസ്കരണ പ്ലാന്റിലേക്ക് എത്തിച്ച് പുനഃചംക്രമണം പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിൽ നിന്നും പൊതു മാലിന്യ സംസ്കരണം പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും പ്ലാന്റുകൾ നവീകരിച്ച് കുറ്റമറ്റതാക്കാനുമാണ് നടപടി എടുത്തുവരുന്നത്.